(എ) ഈ സാമ്പത്തികവർഷം ഐ.ടി.സി.-കൾ തുടങ്ങുവാൻ എത്ര പേർക്ക് അനുവാദം നൽകി;

(ബി) അതിൽ എത്ര പേർ ഹരിജനങ്ങളാണ്;

(സി) ഹരിജനങ്ങളായ അപേക്ഷകരുണ്ടെങ്കിൽ അവർക്ക് ഐ.ടി.സി. കൾ തുടങ്ങുവാൻ അനുവാദം നൽകുമോ?

ഉത്തരം

(എ) ഈ സാമ്പത്തികവർഷം ഇരുപത്തിഒൻപത് (29) ഐ.ടി.സി. കൾ തുടങ്ങുവാൻ അനുവാദം നൽകി.

(ബി) ഒന്ന്.

(സി) നിർദ്ദിഷ്ടവ്യവസ്ഥകൾക്ക് വിധേയമായി അനുവാദം കൊടുക്കുന്നതിനു വിരോധമില്ല. അനുവാദം നൽകാവുന്നതാണ്.

കൊല്ലം ജില്ലയിൽ ഐ.ടി.ഐ. തുടങ്ങണമെന്ന ഡി.ഡി.സി.യുടെ പ്രമേയം

38 [61] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഗവൺമെൻറുടമയിൽ ഒരു ഐ.ടി.ഐ. കൂടി തുടങ്ങണമെന്നഭ്യർത്ഥിച്ചുകൊണ്ടുള്ള കൊല്ലം ഡി.ഡി.സി.യുടെ പ്രമേയം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ലഭിച്ചതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പി. ഡബ്ള്യു. ഡി. ഡിവിഷനുകൾ

39 [71] ശ്രീ. സി. എ. കുരിയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തു എത്ര പി. ഡബ്ളിയു. ഡിവിഷനുകൾ ഉണ്ട്;

(ബി) ഇടുക്കി ജില്ലക്ക് മാത്രമായി പി. ഡബ്ളിയു. ഡി. ഡിവിഷൻ ഉണ്ടോ;

(സി) ഇല്ലെങ്കിൽ ഒരു ഡിവിഷൻ അനുവദിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 86 ഡിവിഷനുകൾ ഉണ്ട്.

(ബി) ഇടുക്കിക്ക് മാത്രമായി ഒരു ഡിവിഷൻ തുടങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly